**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6343** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ദിവസത്തിനകം നഷ്ടപരിഹാരം നൽകണമെന്ന് ദേശീയ പട്ടികജാതി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിവാരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകൾക്ക് ധനസഹായം നൽകുന്നതിനായുള്ള കേന്ദ്ര വിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല. മേൽ കാരണത്താൽ തന്നെ ടി പദ്ധതി പ്രകാരം നടപ്പ സാമ്പത്തിക വർഷം ആകെ 1,81,39,200/-രൂപ (ഒരു കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) മാത്രമാണ് വകുപ്പ് മുഖേന ചെലവഴിയ്ക്കുവാൻ സാധിച്ചിട്ടുള്ളത്. 50% കേന്ദ്ര സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത് .സംസ്ഥാന വിഹിത ഇനത്തിൽ ലഭ്യമായിട്ടുള്ള മേൽ തുക കൊലപാതകം, കൂട്ട മാനഭംഗം തുടങ്ങിയ ഹീന കുറ്റകൃത്യങ്ങൾക്ക് വിധേയരായവരുടെ പുനരധിവാസത്തിന് മുൻഗണന നൽകിയാണ് വിനിയോഗിച്ചിട്ടുള്ളത്. കേന്ദ്ര വിഹിതം ലഭ്യമാകുമ്പോൾ അടിയന്തിരമായി തന്നെ കുടിശ്ശിക തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതായിരിയ്ക്കും.<br><br>പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ അന്വേഷണ ഉദ്യോഗസ്ഥൻ യാതൊരു അലംഭാവവും കൂടാതെ FIR-ന്റെയും അന്തിമ റിപ്പോർട്ടിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പ് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്ന് വിശദീകരിച്ച് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇത്തരത്തിൽ നിലവിൽ എത്ര കേസുകളിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്; ഏത് തീയതി മുതലുള്ള | (ബി) | നിലവിൽ കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ മുൻ സാമ്പത്തിക വർഷവും നടപ്പ സാമ്പത്തിക വർഷവും രജിസ്റ്റർ |

| | | | |
|---|---|---|---|
| | കേസുകളിലാണ് നഷ്ടപരിഹാരം നൽകുന്നതിന് കുടിശികയുള്ളത്; ഈ ഇനത്തിൽ എത്ര തുക കുടിശികയുണ്ട്; വിശദാംശം നല്കാമോ ? | | ചെയ്തിട്ടുള്ള നിരവധി കേസുകൾക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ